# പോലീസ് വകുപ്പ്
# കേരളം

**No. G2-29018/2023/E(1)**

ജില്ലാ പോലീസ് ഓഫീസ്,
എറണാകുളം റൂറൽ
spekmrl.pol@kerala.gov.in
04842624455
തീയതി. 03-04-2024

**ലേലപരസ്യം**

എറണാകുളം റൂറൽ ജില്ലയിലെ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ അധീനതയിൽ പെരുമ്പാവൂർ, കാഞ്ഞിരക്കാട് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും കാലപ്പഴക്കത്താൽ താമസ യോഗ്യമല്ലാത്തതുമായ V/194, V/195, V/200, V/201, V/202, V/203, V/204, V/205, V/206, V/207, V/208, V/209 എന്നീ നമ്പരായ 12 പഴയ പോലീസ് ക്വാർട്ടേഴ്സുകൾ (Villa type) M/s MSTC Ltd ൻറെ വെബ്സൈറ്റ് ആയ www.mstcecommerce.com മുഖാന്തിരം 19.04.2024 തിയ്യതിയിൽ ഓൺലൈൻ ആയി ഇ-ലേലം ചെയത് വിൽക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്കു പ്രസ്തുത വെബ്സൈറ്റിൽ നിബന്ധനകൾക്ക് വിധേയമായി 'BUYER" ആയി രജിസ്റ്റർ ചെയ്തു ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഇ- ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം (Bid amount/security deposit) 10,000/- രൂപ (പതിനായിരം രൂപ മാത്രം) M/s MSTC Ltd-ൽ ഒടുക്കേണ്ടതാണ്.

ലേലം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള പോലീസ് ക്വാർട്ടേഴ്സുകൾ ലേല തിയതിക്ക് തൊട്ട് മുൻപുള്ള ദിവസം വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.0 മണി മുതൽ വൈകിട്ട് 5.00 മണി വരെയുള്ള സമയത്ത് പെരുമ്പാവൂർ സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

ലേലം കൊള്ളുന്നവർ റിലീസിംഗ് ഓർഡർ ലഭിച്ച് 30 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചു ,അവശിഷ്ടങ്ങൾ ഉൾപ്പടെ, നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ട വ്യക്തി നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ കെട്ടി വച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പ്രസ്തുത വകകൾ വിൽക്കുന്നതിന് വേണ്ടി പുന:ലേലം നടത്തുന്നതുമായിരിക്കും.

\ യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച (ലേലത്തിന് മുമ്പും ശേഷവും) ജില്ല പോലീസ് മേധാവി, എറണാകുളം റൂറൽ സ്വീകരിക്കുന്ന തീരുമാനം അന്തിമമായിരിക്കും.

V. Saxena

വൈഭവ് സക്സേന ഐപിഎസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : സംസ്ഥാന പോലീസ് മേധാവി കേരളം (ആമുഖപത്രം സഹിതം) പോലീസ് ഇൻസ്പെക്ടർജനറൽ ദക്ഷിണ മേഖല (ആമുഖപത്രം സഹിതം) പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എറണാകുളം റേഞ്ച് (ആമുഖപത്രം സഹിതം) പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ എസ്.സി ആർ ബി ക്കു വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി (ആമുഖപത്രം സഹിതം) എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും , ജില്ല പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമ്മാണ്ടൻറുമാർക്കും അറിവിലേക്കും വ്യാപക പ്രചാരണത്തിനുമായി. എറണാകുളം റൂറൽ ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പ്രചാരണത്തിനുമായി

പകർപ്പ് : M/s MSTC Ltd-ന് അറിവിലേക്കും അനന്തര നടപടികൾക്കുമായി